**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **14-03-2022 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അന്തർ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | 02.02.2016-ലെ സ.ഉ(അച്ചടി) നം.24/2016/ തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യാനുള്ള വായ്പാ ധനസഹായം എന്നിവ നൽകുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ശാക്തീകരിക്കുന്നതിനുമായി അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് ‘അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം’ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | അതിഥി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുമായി മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. 2020-21 സാമ്പത്തിക വർഷം മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നതിനായി 44 ലക്ഷം രൂപ അനുവദിക്കുകയും 90 മെഡിക്കൽ ക്യാമ്പ് |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മെഡിക്കൽ ക്യാമ്പ് - ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനായി 44 ലക്ഷം രൂപ അനുവദിക്കുകയും മെഡിക്കൽ ക്യാമ്പ് നടന്നു വരികയും ചെയ്യുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ ടി തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് ഫെസിലിറ്റേഷൻ സെന്ററുകൾ വഴി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നടത്തി വരുന്നുണ്ട്. |
| (സി) | അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. വേതന സംരക്ഷണ സംവിധാനത്തിലൂടെ വേതനം കൈമാറുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഗണനയിലുണ്ട്. വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളാണ് പദ്ധതി ഗുണഭോക്താക്കൾ. മരണപ്പെടുന്ന തൊഴിലാളിയുടെ നിയമാനുസൃത അവകാശിയ്ക്ക് 5 ലക്ഷം രൂപയുടെ അപകട മരണാനുകൂല്യം ലഭ്യമാക്കുവാനാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ തൊഴിലാളികൾക്ക് തടസ്സമില്ലാത്ത സാമൂഹിക സുരക്ഷാ പരിരക്ഷയും ടി പദ്ധതി ഉറപ്പുനൽകുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ